പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 579

12.06.2012-ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) റിയാബിൻെറ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. RIAB-നിർവ്വഹിച്ചുവരുന്ന ചുമതലകൾ ചുവടെ ചേർക്കുന്നു.<br>➢ പൊതുമേഖലാസ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചു ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗം ചെയ്യുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം ലഭ്യമാക്കുന്നതിനും അത് വിനിയോഗം ചെയ്യുന്നതിനുമുള്ള ശുപാർശകൾ നൽകുക.<br>➢ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുക.<br>➢ സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് കമ്പനികളിൽ വിവിധ തലത്തിൽ അന്വേഷണങ്ങൾ നടത്തുക.<br>➢ Chartered Accountants-ൻെറ പാനൽ ഉപയോഗിച്ച് സ്ഥാപനങ്ങളിൽ Performance Audit നടത്തുകയും, Internal Audit സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യുക.<br><br>സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ നിന്നു നൽകിയ ധനസഹായത്തിൻെറ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി Performance Audit |

നടത്തുക.

- പൊതുമേഖലാസ്ഥാപനങ്ങളിൽ മാനവവിഭവശേഷി കാര്യക്ഷമമാക്കത്തക്ക വിധത്തിലുള്ള പരിശീലനപരിപാടികൾ RIAB ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത് ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും, ചീഫ് എക്സിക്യൂട്ടീവ്സിനും മറ്റ് ഉദ്യോഗസ്ഥർക്കും, ജീവനക്കാർക്കും പ്രയോജനപ്പെട്ടിട്ടുണ്ട്.
- കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മികച്ച പൊതുമേഖല സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ നൽകുക.
- പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ദേശീയ അന്തർദേശീയതലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "Resurgence" എന്ന പേരിൽ ഒരു quarterly news letter പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല RIAB-ആണ് നിർവ്വഹിക്കുന്നത്.
- ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന മില്ലുകൾക്കാവശ്യമായ പരുത്തി ലഭ്യമാക്കുന്നതിനു വേണ്ടി രൂപീകരിച്ച centralized cotton purchase committee മുഖേനയുള്ള ധനസഹായത്തിന്റെ വിനിയോഗവും RIAB- ആണ് മോണിട്ടർ ചെയ്യുക.

**(ബി)** സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

**(ബി)** വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം നീരിക്ഷിക്കുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന മോണിട്ടറിംഗ് സംവിധാനം, മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഇൻറർനെറ്റ് അധിഷ്ഠിത വെബ്പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ മോണിട്ടറിംഗ് സംവിധാനത്തിൻെറ ചുമതല Public Sector Restructuring & Internal Audit Board(RIAB)-നാണ്.

ഇതിൻെറ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം 10-ാം തീയതിക്കുമുൻപ് Public Sector Restructuring & Internal Audit Board (RIAB)ൽ നൽകുകയും അതിന്മേലുള്ള RIABൻെറ അവലോകന റിപ്പോർട്ട് 14-ാം തീയതിക്കു മുൻപ് സർക്കാരിനു സമർപ്പിക്കുകയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം മന്ത്രിതലത്തിലും, സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിൻെറ ഭാഗമായി **"ഇലക്ട്രോണിക് പ്രൊക്യുർമെൻറ് സംവിധാനം"** നടപ്പിലാക്കുമെന്നുള്ള 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൻെറ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിലെ മേധാവികളുമായും മറ്റു ഉന്നത ഉദ്യോഗസ്ഥരുമായിട്ടുള്ള ഒരു interactive session 2012 മേയ് 18-നു തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായി. NIC-യുടെ ഇ-പ്രൊക്യുർമെൻറ് പോർട്ടൽ ഉപയോഗിച്ച് എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും 2012-13ൽ ഇ-പ്രൊക്യുർമെൻറ് സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിൻെറ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൻെറ

അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും Purchase Department-ലുള്ള ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടി NIC-യുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് തലത്തിലുള്ള മോണിട്ടറിംഗ് ശക്തമാക്കുന്നതിൻെറ ഭാഗമായി ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

കമ്പനികളുടെ സർക്കാർതല മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം 2012-13 സാമ്പത്തിക വർഷം 2nd half മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ?

(സി) സർക്കാരിൻെറ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

Ajith B

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | ഒരു വർഷ കർമ്മപരിപാടിയിലെ പ്രഖ്യാപനങ്ങൾ | പുരോഗതിയുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | പൊതുമേഖലാസ്ഥാപനങ്ങളിൽ ജീവനക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്ര ഇലക്ട്രോണിക് ഡാറ്റാബൈയ്സ് തയ്യാറാക്കും | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 44 പൊതുമേഖലാസ്ഥാപനങ്ങളിലെ മാനേജീരിയൽ ജീവനക്കാരുടെ വിവരങ്ങൾ ഇതിനോടകം തന്നെ ശേഖരിച്ചു കഴിഞ്ഞു. ബാക്കിയുള്ള ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2 | ഒമ്പത് പുതിയ യൂണിറ്റുകൾ കമ്മീഷൻ ചെയ്യുവാനുള്ള കർമ്മപരിപാടി | ഇവയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ കീഴിലുള്ള യൂണിറ്റ് ഒഴികെ മറ്റ് യൂണിറ്റുകൾ എല്ലാം തന്നെ വ്യവസായിക ഉൽപാദനത്തിന് സജ്ജമാണ്. ഇതിനാവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ RIAB-ന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. National Informatic Centre (NIC) യുമായി ചേർന്ന് web അധിഷ്ഠിതമായി ഈ യൂണിറ്റുകളിലേക്കുള്ള നിയമനനടപടികൾ പൂർത്തീകരിക്കുന്നതിനുള്ള തയാറെടുപ്പുകൾ അവസാനഘട്ടത്തിലാണ്. അടുത്ത മൂന്നു മാസത്തിനുള്ളിൽ ഈ യൂണിറ്റുകളിലേക്കുള്ള നിയമനങ്ങൾ പൂർത്തിയാക്കി ഒൻപതു പൊതുമേഖലാസ്ഥാപനങ്ങളിലും വ്യവസായിക ഉൽപാദനം പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതാണ്. |
| 3 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിച്ചുള്ള പ്രവർത്തനം | കേന്ദ്ര പൊതുമേഖലയുമായുള്ള സംയുക്ത സംരംഭമായ Steel Complex Ltd-SAIL പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി ഉന്നത തല ചർച്ച ഡൽഹിയിൽ വെച്ച് നടത്തുകയുണ്ടായി.. |
| 4 | മലബാർ സിമന്റ്സിൽ ലഭ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗിച്ച് e-procurement, ഇ-ഗവേണൻസും പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കും | NIC-യുടെ ഇ-പ്രൊക്യുർമെന്റ് പോർട്ടൽ ഉപയോഗിച്ച് എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും 2012-13-ൽ തന്നെ ഇ-പ്രൊക്യുർമെന്റ് സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളിലെ MD-യ്ക്കും, മറ്റു ഉന്നത ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള ഒരു interactive session 2012 മേയ് 18നു തിരുവനന്തപുരത്ത് വച്ച് നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലെയും Purchase Department-ലുള്ള രണ്ടു ജീവനക്കാരെ ഉൾപ്പെടുത്തി നടത്തുന്ന training programme NIC യിൽ വച്ചു 11-06-2012 മുതൽ ആരംഭിക്കുന്നതാണ്. |
| 5 | ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിന് നടപടി | 2012-13 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. |
| 6 | 2012-13 മുതൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിൽ MOU സംവിധാനം | MOU സംവിധാനം 2012-13 സാമ്പത്തിക വർഷം 2nd half മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആദ്യഘട്ടമായി തെരഞ്ഞെടുത്ത 21 പൊതുമേഖലാ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നത്. |
| 7 | കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിലും കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതികൾ | കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ അനുവർത്തിക്കുന്നതു പോലെ ലാഭത്തിന്റെ ഒരു വിഹിതം സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനകം തന്നെ KMML, MCL, KSIDC, TTPL തുടങ്ങിയ സ്ഥാപനങ്ങളിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

Ajithab

സെക്ഷൻ ഓഫീസർ